**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2484** **21-01-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ക്വാട്ട നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ. ബി. സതീഷ് | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സ്പോർട്സ് ക്വാട്ട നിയമനത്തിൽ ദേശീയ തലത്തിൽ പങ്കെടുത്തവർക്ക് യൂണിവേഴ്സിറ്റിതല മത്സരങ്ങളിൽ പങ്കെടുത്തവർക്ക് ലഭിക്കുന്ന പരിഗണനപോലും ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം , സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് സീനിയർ നാഷണൽ/നാഷണൽ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുകയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയും ചെയ്യുന്ന കായിക താരങ്ങളെ നിയമനത്തിനായി പരിഗണിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങളെയും സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിക്കുന്നുണ്ട്. |
| (ബി) | 2009 ഗസറ്റിൽ ഉള്ളതുപോലെ ദേശീയ പങ്കാളിത്തം ഉള്ളവർക്ക് അപേക്ഷ സമർപ്പിക്കാനും നിയമനം ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (ബി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം കായിക താരങ്ങൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള നിയമന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. 2015 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും, 2010 മുതൽ 2014 വരെയുള്ള നിയമനത്തിന്റെ മാനദണ്ഡങ്ങൾ ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സ്പോർട്സ് ക്വാട്ട നിയമനം സംബന്ധിച്ച വ്യക്തിഗത നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡവും | (സി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള നിയമനത്തിനുള്ള നിലവിലുള്ള |

| | | | |
|---|---|---|---|
| | ടീമിനങ്ങൾക്കുള്ള നിയമനങ്ങൾക്ക് വ്യത്യസ്ത മാനദണ്ഡവും നൽകാനുള്ള നടപടി സ്വീകരിക്കുമോ? | | മാനദണ്ഡങ്ങൾ പ്രകാരം, ഓരോ വർഷത്തേയും 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കി വച്ചിട്ടുള്ളതാണ്. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനത്തിന് വ്യക്തിഗത ഇനങ്ങൾക്കും ടീം ഇനങ്ങൾക്കും വ്യത്യസ്ത മാനദണ്ഡങ്ങൾ നൽകുന്നത് സംബന്ധിച്ച കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ